LIBRARY ARCHIVES Kerala Legislative Assembly

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിലെ ജീവനക്കാർ

103 (5185) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിൽ വർഷങ്ങളായി ജോലി ചെയ്തുവരുന്ന ജീവനക്കാരെ സ്ഥിരം ജീവനക്കാരായി മാറ്റുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാന സാക്ഷരതാ മിഷനിൽ വർഷങ്ങളായി ജോലി ചെയ്തുവരുന്ന ജീവനക്കാരെ സ്ഥിരം ജീവനക്കാരാക്കുന്നതിനുവേണ്ടിയും അവർക്ക് മെച്ചപ്പെട്ട സേവന-വേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിനുവേണ്ടിയും ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായ ജനറൽ കൗൺസിലും ബഹു.വിദ്യാഭ്യാസമന്ത്രി അദ്ധ്യക്ഷനായ എക്സിക്യൂട്ടീവ് കമ്മിറ്റിയും കൈക്കൊണ്ട തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; നടപ്പിലാക്കിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സ്ഥാപനത്തിൽ വർഷങ്ങളായി ജോലി ചെയ്തുവരുന്ന, മറ്റ് തൊഴിലുകൾക്ക് അപേക്ഷിക്കാൻ പ്രായപരിധി കഴിഞ്ഞ പ്രസ്തുത ജീവനക്കാരെ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിൽ വർഷങ്ങളായി ജോലി ചെയ്തുവരുന്ന ജീവനക്കാരെ സ്ഥിരം ജീവനക്കാരായി മാറ്റുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

സിവിൽ സർവ്വീസ് അക്കാദമികൾ

104 (T.5186) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ സിവിൽ സർവ്വീസ് അക്കാദമികൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഓരോ വർഷവും എത്രപേർക്കാണ് അഡ്മിഷൻ നൽകുന്നതെന്നും പരിശീലനം നേടിയ എത്രപേർക്ക് സിവിൽ സർവ്വീസിൽ പ്രവേശനം ലഭിക്കുന്നുവെന്നുമുള്ള കണക്കുകൾ വെളിപ്പെടുത്തുമോ ;

(സി) പുതിയ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ മലപ്പുറം കേന്ദ്രമാക്കി ഒരു സെന്റർ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിക്ക് തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, ചെങ്ങന്നൂർ, കോന്നി എന്നിവിടങ്ങളിൽ നിലവിൽ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ ന്യൂനപക്ഷ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി പൊന്നാനിയിൽ ആരംഭിച്ചിട്ടുള്ള "ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച്"-ലും സിവിൽ സർവ്വീസ് പരീക്ഷയ്ക്കുള്ള പരിശീലന കോഴ്സുകൾ നടത്തിവരുന്നു.

(ബി) കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ തിരുവനന്തപുരം കേന്ദ്രത്തിലും മറ്റ് ഉപകേന്ദ്രങ്ങളിലുമായി പ്രിലിമിനറി പരീക്ഷയ്ക്ക് പ്രതിവർഷം ശരാശരി 600 പേർക്കും മെയിൻ പരീക്ഷയ്ക്ക് 150 പേർക്കും ഇന്റർവ്യൂവിന് 100 പേർക്കും പരിശീലനം നൽകിവരുന്നു.

കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയിൽ 2005 മുതൽ പരിശീലനം നേടി സിവിൽ സർവ്വീസ് പരീക്ഷ എഴുതി യോഗ്യത നേടിയവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

വർഷം	എണ്ണം
2005	8
2006	11
2007	10
2008	20
2009	17
2010	33
2011	31
2012	41
2013	45
2014	35